StudentBounty.com

**INTERNATIONAL INDIAN SCHOOL DAMMAM**
**FIRST SUMMATIVE ASSESSMENT – JUNE 2013**

**CLASS-VII** **TIME: 3 HRS**
**SUBJECT: MALAYALAM** **MARKS: 90**

---

I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ലോകത്തിലാദ്യമായി തപാൽ സ്റ്റാമ്പ് ഇറക്കിയത് 1840 മെയ് മാസത്തിൽ ഇംഗ്ലണ്ടിലാണ്. സർ റോളണ്ട് ഹിൽ ആയിരുന്നു അതിന്റെ ഉപജ്ഞാതാവ്. അതിനു മുമ്പ് കത്തുകളിൽ സ്റ്റാമ്പ് ഒട്ടിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. 'പെനിബ്ലാക്ക്'എന്ന പേരിലാണ് ഈ സ്റ്റാമ്പ് അറിയപ്പെട്ടത്. വിക്ടോറിയ രാജ്ഞിയുടെ തലയുടെ ചിത്രം മുദ്രണം ചെയ്തി-ട്ടുള്ളതായിരുന്നു ആദ്യത്തെ സ്റ്റാമ്പ്. സ്റ്റാമ്പ് ശേഖരിക്കുന്ന വിനോദത്തിന് പറഞ്ഞുവരുന്ന ഗ്രീക്ക് പദമാണ് ഫിലാറ്റെലി . ഹെർവിൻ എന്ന ഫ്രെഞ്ചുകാരനാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്.

തുർക്കി ഭരണാധികാരിയായ അലാവുദീൻ ഖിൽജി 1296 -ൽ ഇന്ത്യയിൽ കുതിരത്തപാൽ നടപ്പിലാക്കി. 1688 -ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയാണ് ഇന്നത്തെ രീതിയിലുള്ള പോസ്റ്റ് ഓഫീസുകൾ ബോംബെയിലും കൽക്കട്ടയിലും മദ്രാസിലും സ്ഥാപിച്ചത്. വിദേശരാജ്യങ്ങളിലേ-ക്ക് എയർമെയിൽ സർവീസ് ഏർപ്പെടുത്തിയ ആദ്യരാജ്യം ഇന്ത്യയാണ്. കറൻസി നോട്ടുകൾ അച്ചടി ക്കുന്ന നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിലാണ് തപാൽ സ്റ്റാമ്പും അച്ചടിക്കുന്നത്. പൊതുജനങ്ങൾക്കുവേണ്ടി തപാലാപ്പീസ് പ്രവർത്തനമാരംഭിച്ചത് 1774 ൽ വാറൻ ഹേസ്റ്റിംഗ്സിന്റെ ഭരണ കാലത്താണ്.

1. തപാൽ സ്റ്റാമ്പിന്റെ ഉപജ്ഞാതാവാര് ? (1)
2. സ്റ്റാമ്പ് ശേഖരിക്കുന്ന വിനോദത്തിന് പറഞ്ഞു വരുന്ന ഗ്രീക്ക് പദം ഏത് ? ആദ്യമായി ഈ പദം ഉപയോഗിച്ചതാര് ? (2)
3. വിദേശങ്ങളിലേക്ക് എയർമെയിൽ സർവ്വീസ് ഏർപ്പെടുത്തിയ ആദ്യ രാജ്യം ഏത്? (1)
4. ലോകത്തിലാദ്യമായി തപാൽ സ്റ്റാമ്പ് ഇറക്കിയത് എന്ന്? എവിടെ ? (2)
5. ആരുടെ ഭരണകാലത്താണ് പൊതുജനങ്ങൾക്കുവേണ്ടി തപാലാപ്പീസ്ആരംഭിച്ചത് ? (1)
6. ആരുടെ ചിത്രം മുദ്രണം ചെയ്തിട്ടുള്ളതായിരുന്നു ആദ്യത്തെ സ്റ്റാമ്പ് ? (1)
7. ആരാണ് ഇന്നത്തെ രീതിയിലുള്ള പോസ്റ്റ് ഓഫീസുകൾ സ്ഥാപിച്ചത് ? (1)
8. എവിടെയാണ് തപാൽ സ്റ്റാമ്പ് അച്ചടിക്കുന്നത് ? (1)

II. ആശയവിപുലനം ചെയ്യുക. 6

'വിദ്യാധനം സർവ്വധനാൽ പ്രധാനം'



www.StudentBounty.com
Homework Help & Pastpapers

www.StudentBounty.com
Homework Help & Pastpapers

III. അക്ഷരം പൂരിപ്പിക്കുക 6
( ഥം, ഢ, ന്ധി, ഷ്ടം, ദീ, ഷ്ഠം, ദം, തീ, ധ, ഥി, ണ്ഡി )

1. പ്ര - കം 2. അതി - പൂജ 3. പ - തൻ 4. ജനപ - 5. വിശി - 6. ക്രു - ൻ

IV. അർത്ഥം എഴുതുക 6

1. പുളിനം 2. അവഹേളനം 3. ഝടുതി 4. ശോഭിക്കുക 5. സാധ്വി 6. കുതൂഹലം

V. വിപരീതം എഴുതുക 6

1. രുചി 2. ബലം 3. അഭിമാനം 4. കരുണം 5. ആദി 6. സന്തുഷ്ടൻ

VI. പര്യായം എഴുതുക 6

1. കുക്കുടം 2. ബ്രാഹ്മണൻ 3. സർപ്പം 4. കഴൽ 5. നളിനം 6. മ്ലാനം

VII. നാനാർത്ഥം എഴുതുക 3

1. അംഗം 2. മറ 3. രുചി

VIII. വിഗ്രഹിക്കുക 5

1. ആചാരമര്യാദകൾ 2. കരകമലം 3. ഉത്തമശിഷ്യൻ 4. കോപാഗ്നി 5. ചരണദ്വയം

IX. ചേർത്തെഴുതുക. 5

1. പങ്കം + അകന്നൊരു 2. ഭിക്ഷ + ചോറ് 3. ചേർന്ന് + ഇണങ്ങി
4. കാന്തി + ഉം 5. നല്ല + ഒരു

X. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 5

1. തൈത്തെന്നൽ 2. കുക്കുടമുണ്ട് 3. കഴുത്തറ്റം 4. ബലമായി 5. ചെവിയോർത്തു

XI. വാക്യത്തിൽ പ്രയോഗിക്കുക (Any 2) 2

1. അനുഷ്ഠിക്കുക 2. ജീവനുതുല്യം 3. തൊട്ടതിനും പിടിച്ചതിനും



StudentBounty.com

StudentBounty.com

XII. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 4

1. "നീചകർമ്മിയാണെങ്കിലും ഇയാൾ ദിവ്യൻ തന്നെ". ആരാണ് ഇങ്ങനെ ചിന്തിച്ചത് ?
( ധർമവ്യാധൻ , കൗശികൻ )
2. സുകുമാരൻ പാടിയ കാവ്യത്തിന്റെ പേരെന്താണ്?
(ശ്രീകൃഷ്ണവിലാസം കാവ്യം, ശ്രീരാമവിലാസം കാവ്യം )
3. 'നളനും അരയന്നവും' എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?
( നളചരിതം ആട്ടക്കഥ , നളചരിതം ഓട്ടൻതുള്ളൽ )
4.' പ്രഭാതഗീതം 'എന്ന കവിത എഴുതിയതാര്?
(കുഞ്ചൻനമ്പ്യാർ, പണ്ഡിറ്റ് കെ. പി. കറുപ്പൻ )

XIII. പദ്യം പൂരിപ്പിക്കുക. (8 വരി ) 4

ജ്ഞാനികളുണ്ടെന്നു -------------------------------- വാച്ചിടട്ടെ.

XIV. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (Any 5) 10

1. എന്തുകൊണ്ടാണ് സുകുമാരൻ കരഞ്ഞത് ?
2. പക്ഷിമാംസം ഭക്ഷിക്കാൻ രാജാവിന് കൊതിയുണ്ടെങ്കിൽ എന്തുചെയ്താൽ മതിയെന്നാണ് ഹംസം ഉപദേശിക്കുന്നത് ?
3. കൗശികൻ ഭിക്ഷ തേടിയിറങ്ങിയതെന്തിന് ?
4. "പോറ്റീ നീനൽവരം നൽകിടേണം" എന്ന പ്രാർത്ഥനയിൽ എന്തെല്ലാമാണ് നല്ല വരമായി ഉദ്ദേശിക്കുന്നത് ?
5. ധർമവ്യാധന്റെ ഐശ്വര്യത്തിന്റെ നിദാനം എന്ത് ?
6. എന്തായിരുന്നു സുകുമാരന്റെ ഉദ്ദേശ്യം ? അതിനു കാരണമെന്ത് ?

XV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (Any 3) 12

1. അരയന്നത്തിന്റെ സൗന്ദര്യം കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത് ?
2. കൗശികൻ ധർമവ്യാധനിൽ നിന്നും മനസ്സിലാക്കിയ പാഠമെന്ത് ?
3. ദൈവത്തിന്റെ കനിവാൽ എന്തൊക്കെ ഉണ്ടാകണമെന്നാണ് കവി ആഗ്രഹിക്കുന്നത് ?
4. ഗുരുവിന്റെ മറുപടി ചുരുക്കി എഴുതുക.

*Best of Luck*



www.StudentBounty.com
Homework Help & Pastpapers